REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 17-10-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ന്യൂഡൽഹിയിൽ ഇന്ന് ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും..
- കൃഷിവിജ്ഞാൻ കേന്ദ്രങ്ങൾക്ക് സാമ്പത്തിക- സാങ്കേതിക സഹായങ്ങളും, മനുഷ്യവിഭവശേഷിയും ഉറപ്പാക്കണമെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.
- മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റൈനിൽ പ്രവാസി മലയാളി സംഗമം ഇന്ന് ഉദ്ഘാടനം ചെയ്യും.
- സംസ്ഥാനത്ത് പരക്കെ മഴ തുടരുന്നു- ഇന്ന് എറണാകുളം ജില്ലയിൽ ഓറഞ്ചു ജാഗ്രതയും, 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും.
- ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയ, ബംഗ്ലാദേശിനെ പത്ത് വിക്കറ്റിന് തകർത്തു.

## വാർത്തകൾ വിശദമായി

**ന്യൂഡൽഹിയിൽ ഇന്ന് ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച വികസിത് ഭാരത് ദർശന് കീഴിലാണ് ഗോത്രകാര്യ മന്ത്രാലയം സമ്മേളനം സംഘടിപ്പിക്കുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...**

ഗോത്രകാര്യ മന്ത്രി ജുവൽ ഓറം, ഗോത്രകാര്യ സഹമന്ത്രിമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. ഗോത്ര ഗ്രാമ ദർശനം 2030 - തിന്റെ ആശയവൽക്കരണമായിരിക്കും പരിപാടിയുടെ പ്രധാന ആകർഷണം. വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യം, പോഷകാഹാരം എന്നിവയുൾപ്പെടെ മുൻഗണനാ മേഖലകളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്യും.

✪✪✪

രാജ്യത്തെ കൃഷിവിജ്ഞാൻ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക- സാങ്കേതിക സഹായങ്ങളും, മനുഷ്യവിഭവശേഷിയും ഉറപ്പാക്കണമെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് നിർദ്ദേശം നൽകി. KVK കളുടെ പ്രവർത്തനം ഏകീകരിക്കാനും, ഫലപ്രാപ്തി വർദ്ധിപ്പിക്കാനും ഇതാവശ്യമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ ഉന്നതതല യോഗത്തിൽ രാജ്യത്തെ 731 കൃഷിവിജ്ഞാൻ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുകയായിരുന്നു ശിവരാജ്സിംഗ് ചൗഹാൻ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞമാസം 22 ന് പ്രഖ്യാപിച്ച GST ബചത് ഉത്സവിന്റെ ഗുണഫലങ്ങൾ സമൂഹത്തിന്റെ നാനാ തുറകളിലെയും ആളുകൾക്ക് ലഭ്യമായിത്തുടങ്ങി.

വരുംതലമുറ GST പരിഷ്കരണങ്ങൾ കേരളത്തിന്റെ സമ്പദ്‌രംഗത്തുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് ആകാശവാണി തയ്യാറാക്കിയ റിപ്പോർട്ട്.

.......വോയ്സ് .....

കേരളത്തിലെ കർഷകർക്കും ചെറുകിട ബിസിനസുകൾക്കും വ്യവസായങ്ങൾക്കും GST പരിഷ്കരണം വലിയ ഉത്തേജനമാണ് നൽകുന്നത്. ഏലം, വെറ്റില എന്നിവയുടെ GST, 18 ശതമാനത്തിൽ നിന്നും അഞ്ചു ശതമാനമായി കുറച്ചത് സംസ്ഥാനത്തെ സുഗന്ധവ്യഞ്ജന വ്യവസായമേഖലയ്ക്ക് വലിയ ഉണർവായി. പരിഷ്കരണ നടപടി 11 ശതമാനം വിലക്കുറവിനും, പ്രാദേശിക ഉൽപ്പന്നങ്ങൾ കൂടുതൽ ഉപഭോക്താക്കളിൽ എത്തിക്കാനും വഴിയൊരുക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന്റെ ആഗോള മത്സരശേഷി വർധിപ്പിക്കാനും ഇത് ഇടയാക്കി.

ജാം,അച്ചാറുകൾ, പഴച്ചാറുകൾ എന്നിവയുടെ GST 12 ശതമാനത്തിൽ നിന്ന് അഞ്ചു ശതമാനമാക്കിയത് കണ്ണൂർ ജില്ലയിലെ കുറ്റിയാട്ടൂർ മാമ്പഴ

കർഷകർക്കും, പഴ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ വഴിയൊരുക്കി.

രാത്രി താമസത്തിന് 7,500 രൂപ വാടക ഈടാക്കിയിരുന്ന ഹോം സ്റ്റേകൾ,ഹോട്ടലുകൾ എന്നിവയുടെ GST അഞ്ചു ശതമാനമാക്കിയത് കേരളത്തിന്റെ വിനോദ സഞ്ചാരമേഖലയ്ക്കും പുതിയ ഉണർവാണ് നൽകുന്നത്. കേരളത്തിലെ കൃഷി, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം എന്നീ മേഖലകളെ ശക്തിപ്പെടുത്തി ചെലവ് കുറച്ചു വരുമാനം വർധിപ്പിക്കാൻ വരുംതലമുറ പരിഷ്ക്കരണം ഇടയാക്കുകയാണ്.

✪✪✪

ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റൈനിൽ എത്തി. ബഹ്റൈൻ കേരളീയ സമാജം ഡയമണ്ട് ജൂബിലി ഹാളിൽ പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹ്റൈനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, M.A യൂസഫ് അലി, ചീഫ് സെക്രട്ടറി  എന്നിവർ വിശിഷ്ടാതിഥികളാകും.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി സർവെ ഭൂരേഖ വകുപ്പിന്റെ ഏകദിന സെമിനാർ രാവിലെ കളമശ്ശേരി കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഡിജിറ്റൽ ഹബിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും.  വിവിധ വിഷയങ്ങളിൽ പാനൽചർച്ചകളും ചടങ്ങിൽ  സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്തിന്റെ ഭാവി ജലനയങ്ങൾക്ക് രൂപം നൽകാൻ വിഷൻ 2031 സെമിനാർ രാവിലെ  കട്ടപ്പനയിൽ  മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. സുസ്ഥിര ജലവികസനവും, വിഭവ പരിപാലനവും ലക്ഷ്യമിട്ടാണ് പുതിയ നയം തയ്യാറാക്കുന്നത്. ആറു പ്രധാന വിഷയങ്ങളിൽ പാനൽ ചർച്ചയും സെമിനാറിന്റെ ഭാഗമായി നടത്തും. ഉച്ചകഴിഞ്ഞ്  മന്ത്രി ദർശന രേഖ അവതരിപ്പിക്കും.

✪✪✪

പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പിന്റെ വിഷൻ 2031  സെമിനാർ രാവിലെ കാഞ്ഞങ്ങാട്ട് ആരംഭിക്കും. മന്ത്രി  രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ  E.ചന്ദ്രശേഖരൻ MLA  അധ്യക്ഷനായിരിക്കും.

✪✪✪

അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി KPCC വിപുലീകരിച്ചു. 13 വൈസ് പ്രസിഡണ്ടുമാരും, 58 ജനറൽ സെക്രട്ടറിമാരും കമ്മിറ്റിയിലുണ്ട്. രാഷ്ട്രീയകാര്യ സമിതിയിൽ ആറ് അംഗങ്ങളെക്കൂടി ചേർത്തു. MP മാരായ രാജ്മോഹൻ ഉണ്ണിത്താൻ, VK ശ്രീകണ്ഠൻ, ഡീൻ കുര്യാക്കോസ്, മൂന്ന് മുൻ MLA മാരായ പന്തളം സുധാകരൻ, AK മണി, CP മുഹമ്മദ് എന്നിവരാണ് രാഷ്ട്രീയകാര്യ സമിതിയിലെ പുതിയ അംഗങ്ങൾ. BJP വിട്ട് കോൺഗ്രസിലെത്തിയ സന്ദീപ് വാര്യരെ സംസ്ഥാന ജനറൽ സെക്രട്ടറിയായും നിയമിച്ചു. VA നാരായണനാണ് ട്രഷറർ. ന്യൂഡൽഹിയിൽ AICC ജനറൽ സെക്രട്ടറി KC വേണുഗോപാലാണ് പേരുവിവരം പുറത്തുവിട്ടത്. വരാനിരിക്കുന്ന തദ്ദേശ - നിയമസഭാ തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടാണ് KPCC വിപുലീകരണം.

✪✪✪

11-ാമത് ജസ്റ്റിസ് VR കൃഷ്ണയ്യർ പുരസ്കാരത്തിന് മുൻ സംസ്ഥാന ഗവർണർ ജസ്റ്റിസ് P.സദാശിവം അർഹനായി. അടുത്ത മാസം തിരുവനന്തപുരത്ത് പുരസ്കാരം സമ്മാനിക്കും. തിരുവനന്തപുരത്തെ The LAW Trust ആണ് പുരസ്കാരം ഏർപ്പെടുത്തിയത്.

✪✪✪

സംസ്ഥാനത്ത് പരക്കെ മഴ തുടരുന്നു. തീവ്രമഴ സാധ്യത മുൻനിർത്തി ഇന്ന് എറണാകുളം ജില്ലയിൽ ഓറഞ്ചു ജാഗ്രതയും 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ അഞ്ചാം പതിപ്പ് നവംബർ 24 മുതൽ ഡിസംബർ അഞ്ചു വരെ രാജസ്ഥാനിലെ ഏഴ് വേദികളിലായി നടത്തും. 12 ദിവസത്തെ ഖേലോ ഇന്ത്യ മത്സരങ്ങളിൽ 23 ഇനങ്ങളിലായി അയ്യായിരത്തിലേറെ അത്‌ലറ്റുകൾ പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾ ന്യൂസ് ഡെസ്കിൽ നിന്ന്.

....(വോയ്സ്)...

ജയ്പൂർ, അജ്മീർ, ഉദയ്പൂർ, ജോധ്പൂർ, ബിക്കാനിർ, കോട്ട, ഭരത്പൂർ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ. രാജ്യത്തെ യുവജനങ്ങളിലെ കായികപ്രതിഭ വർദ്ധിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യാൻ

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഖേലോ ഇന്ത്യ ആവിഷ്ക്കരിച്ചതെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. പുതിയൊരു കായിക സംസ്കാരം രൂപപ്പെടാൻ ഖേലോ ഇന്ത്യ സഹായകമായെന്നും അദ്ദേഹം വിലയിരുത്തി.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയ, ബംഗ്ലാദേശിനെ പത്ത് വിക്കറ്റിന് തകർത്തു. വിശാഖപട്ടണത്ത് 199 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്ത ഓസ്ട്രേലിയ, 24.5 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 202 റൺസെടുത്തു.

ഇന്ന് കൊളംബോയിൽ ശ്രീലങ്ക, ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

തിരുവനന്തപുരത്ത് രഞ്ജി ട്രോഫി ക്രിക്കറ്റിൽ മഹാരാഷ്ട്ര ആദ്യ ഇന്നിംഗ്സിൽ 239 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളത്തിന് തുടക്കത്തിൽ തന്നെ മൂന്ന് വിക്കറ്റ് നഷ്ടമായി. രണ്ടാം ദിവസം കളി നിർത്തുമ്പോൾ കേരളം, മൂന്ന് വിക്കറ്റിന് 35 റൺസെന്ന നിലയിലാണ്.

✪✪✪

തലശ്ശേരിയിൽ കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള യിലെ ആദ്യ ദിവസം 77 പോയിന്റുമായി പയ്യന്നൂർ ഉപജില്ല മുന്നിട്ടു നിൽക്കുന്നു. മട്ടന്നൂർ ഉപജില്ല രണ്ടാം സ്ഥാനത്തും, തലശ്ശേരി സൗത്ത് ഉപജില്ല മൂന്നാം സ്ഥാനത്തുമുണ്ട്.

✪✪✪

സ്ത്രീ സുരക്ഷിത കേരളമാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. വികസന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അത് സ്ത്രീ സൗഹൃദപരവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കണമെന്ന് മന്ത്രി മലപ്പുറത്ത് പറഞ്ഞു. വനിതാ ശിശുവികസന വകുപ്പ് 'വിഷൻ 2031' സംസ്ഥാന സെമിനാറിൽ ദർശനരേഖ അവതരിപ്പിക്കുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് കൂടരഞ്ഞി കുടുംബാരോഗ്യ കേന്ദ്രം വൈകിട്ട് മന്ത്രി വീണാജോർജ് ഉദ്ഘാടനം ചെയ്യും. MLA ആസ്തി വികസന നിധിയിൽ നിന്ന് രണ്ട് കോടി രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചത്.

✪✪✪

ഇടുക്കി ഗവൺമെൻറ് മെഡിക്കൽ കോളജിലെ നഴ്സിംഗ് വിദ്യാർത്ഥികളുടെ സമരം അനവസരത്തിലാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ കുറ്റപ്പെടുത്തി. വഞ്ചിക്കവല ഹോളി ഫാമിലി ആശുപത്രി കെട്ടിടം വിദ്യാർഥികൾക്ക് ഹോസ്റ്റലായി ഉപയോഗിക്കാൻ നടപടിയെടുത്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

എല്ലാ സൗകര്യങ്ങളും ഘട്ടങ്ങളായി ഒരുക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

മന്ത്രി V ശിവൻകുട്ടി ഇന്ന് കോഴിക്കോട് ജില്ലയിലെ മൂന്ന് സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യും. ചേന്ദമംഗലൂർ GMUP സ്കൂളിലും, പൂനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലും, വാകയാട് ഗവ.LP സ്കൂളിലും നിർമ്മിച്ച കെട്ടിടങ്ങളാണ് മന്ത്രി നാടിന് സമർപ്പിക്കുന്നത്.

✪✪✪

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല നോർത്ത് സോൺ കലോത്സവം 'റാന്തൽ' മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ തുടരുന്നു. രണ്ടാം ദിവസമായ ഇന്നലെ 68 പോയിന്റുമായി കോഴിക്കോട് മെഡിക്കൽ കോളേജാണ് മുന്നിൽ. 46 പോയിന്റുമായി കോട്ടക്കൽ ആയുർവേദ മെഡിക്കൽ കോളേജാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഇന്ത്യയിലെ ആദ്യ ട്രാവൽ-ലിറ്ററി ഫെസ്റ്റിവെലായ 'യാനം' മന്ത്രി P.A മുഹമ്മദ് റിയാസ് വൈകീട്ട് വർക്കലയിൽ ഉദ്ഘാടനം ചെയ്യും. കേരള ടൂറിസം സംഘടിപ്പിക്കുന്ന പരിപാടി ഞായറാഴ്ച സമാപിക്കും.

✪✪✪

തുലാമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. നാളെ രാവിലെ സന്നിധാനത്ത് ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ് നടത്തും.

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സന്ദർശനത്തോട നുബന്ധിച്ച് ഈ മാസം 22-ന് ദർശനത്തിന് നിയന്ത്രണമുണ്ടാകും.

✪✪✪

കോഴിക്കോട് കോർപറേഷനെതിരെ അഴിമതിയും, സ്വജനപക്ഷപാതവും ആരോപിച്ച് BJP യുടെ അഞ്ച് ദിവസത്തെ പ്രതിഷേധമാർച്ച് ഇന്നാരംഭിക്കും. രാവിലെ BJP സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാസുരേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്യും. തുടർദിവസങ്ങളിൽ ദേശീയ നിർവാഹക സമിതിയംഗങ്ങളായ V മുരളീധരൻ, PK കൃഷ്ണദാസ്, സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് തുടങ്ങിയവരാണ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെയും, ഭിന്നശേഷിക്കാരുടെയും ക്ഷേമം മുൻനിർത്തി ഐ-ലീഡ് പദ്ധതിപ്രകാരം ഭിന്നശേഷിക്ഷേമ സഹകരണ സംഘം രജിസ്റ്റർ ചെയ്തു. ജില്ലാഭരണകൂടത്തിന്റെ കീഴിലാണ് സംഘത്തിന്റെ പ്രവർത്തനം. ഭിന്നശേഷിക്കാർക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്ന തൊഴിൽമേഖല കണ്ടെത്തുകയാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

പാലിയേക്കരയിൽ ടോൾ പിരിവ് വിലക്കിയ ഇടക്കാല ഉത്തരവ് നീക്കുന്ന കാര്യത്തിൽ ഹൈക്കോടതി ഇന്ന് വിധി പറഞ്ഞേക്കും. ഗതാഗതകുരുക്ക് കൂടുതലായ സ്ഥലങ്ങൾ സന്ദർശിച്ച് പരിഹാര നടപടി നിർദേശിക്കാൻ ഇടക്കാല ഗതാഗത മാനേജ്മെന്റ് സമിതിയോട് ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടിരുന്നു.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*